REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 27-12-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ സംസ്ഥാന ചീഫ് സെക്രട്ടറിമാരുടെ സമ്മേളനം ന്യൂഡൽഹിയിൽ തുടരുന്നു.
- സംസ്ഥാനത്തെ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും വൈസ് പ്രസിഡന്റുമാരുടെയും തെരഞ്ഞെടുപ്പ് നടപടികൾ പുരോഗമിക്കുന്നു.
- ശബരിമല സന്നിധാനത്ത് പ്രധാന ചടങ്ങായ മണ്ഡലപൂജ പൂർത്തിയായി. മണ്ഡലകാലം ഇന്ന് സമാപിക്കും.
- പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ മൻ-കി ബാത്ത് നാളെ രാവിലെ 11-ന്.
- മോഡൽ റെസിഡൻഷ്യൽ സ്കൂൾ വിദ്യാർഥികളുടെ സംസ്ഥാനതല കലാമേള -സർഗോത്സവം 2025 -നാളെ കണ്ണൂരിൽ ആരംഭിക്കും.

## വാർത്തകൾ വിശദമായി

**കേന്ദ്ര-സംസ്ഥാന പങ്കാളിത്തം ശക്തിപ്പെടുത്തി ദേശീയ വികസനത്തിന് മാർഗ്ഗരേഖ തയ്യാറാക്കുന്ന സംസ്ഥാന ചീഫ് സെക്രട്ടറിമാരുടെ സമ്മേളനം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിലാണ് ഇന്നലെയാരംഭിച്ച മൂന്ന് ദിവസത്തെ യോഗം.**

**സഹകരണ ഫെഡറലിസം എന്ന പ്രധാനമന്ത്രിയുടെ ദർശനത്തിന് ഊന്നൽ നൽകിയാണ് സമ്മേളനം. കേന്ദ്ര-സംസ്ഥാന സംയുക്ത പ്രവർത്തനങ്ങളിലൂടെ മാനവ-വിഭവ ശേഷിയും ഭാവിക്ക് അനുസൃതമായ വളർച്ചയും വേഗവും കൈവരിക്കാനാണ് സമ്മേളനം ലക്ഷ്യമിടുന്നത്.**

✪✪✪

സംസ്ഥാനത്തെ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് പ്രസി ഡന്റുമാരുടെയും വൈസ് പ്രസിഡന്റുമാരുടെയും തെരഞ്ഞെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. രാവിലെ പ്രസിഡണ്ട് സ്ഥാനത്തേക്കായിരുന്നു തിരഞ്ഞെടുപ്പ്. വൈസ് പ്രസിഡന്റുമാരെ ഉച്ചകഴിഞ്ഞ് രണ്ടരയ്ക്ക് തെരഞ്ഞെടുക്കും.

ജില്ലാ പഞ്ചായത്തിൽ ജില്ലാ കലക്ടറും, ഗ്രാമ- ബ്ലോക്ക് പഞ്ചായത്തുകളിൽ അതത് സ്ഥാപനങ്ങളിലെ വരണാധി കാരികളുമാണ് തിരഞ്ഞെടുപ്പ് നിയന്ത്രിക്കുന്നത്.

✪✪✪

ഇരുമുന്നണികൾക്കും സീറ്റ് തുല്യനിലയിലായിരുന്ന കോഴിക്കോട് പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് സ്ഥാനം നറുക്കെടുപ്പിലൂടെ UDF ന് ലഭിച്ചു. UDF ലെ മിനി വട്ടക്കണ്ടിയാണ് പ്രസിഡണ്ട്.

ഇരുമുന്നണികളും തുല്യനിലയിലായ നന്മണ്ട പഞ്ചായത്തിൽ നറുക്കെടുപ്പിലൂടെ UDF ന് പ്രസിഡണ്ട് സ്ഥാനം ലഭിച്ചു. UDF ലെ ബിനിഷ ഷൈജുവാണ് പ്രസിഡണ്ട്. പഞ്ചായത്ത് രൂപീകരിച്ച മുതൽ ഇതുവരെ ഭരണം LDF നായിരുന്നു.

ഇരുമുന്നണികളും തുല്യത പുലർത്തിയ ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ പ്രസിഡണ്ട് സ്ഥാനം LDF ന്. ഇസ്മയിൽ കുറുമ്പയിൽ ആണ് പഞ്ചായത്ത് പ്രസിഡണ്ട്.

വടകര ബ്ലോക്ക് പഞ്ചായത്തിൽ UDF ജനകീയ മുന്നണിയുടെ, കോട്ടയിൽ രാധാകൃഷ്ണനെ പ്രസിഡണ്ടായി തിരഞ്ഞെടുത്തു. ഇരുമുന്നണികളും ഏഴ് വീതം സീറ്റുകൾ നേടിയ ഇവിടെ LDF ലെ ഒരംഗം വോട്ട് മാറി ചെയ്തതോടെയാണ് ഭരണം UDF ന് ലഭിച്ചത്.

✪✪✪

കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടായി LDF ന്റെ ബിനോയ് കുര്യൻ സത്യപ്രതിജ്ഞ ചെയ്തു. പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ ബിനോയ് കുര്യന് 18 വോട്ടും UDF ലെ ജോർജ് ജോസഫിന് ഏഴും വോട്ടും ലഭിച്ചു. ബിനോയ് കുര്യൻ കഴിഞ്ഞ ജില്ലാ പഞ്ചായത്തിൽ വൈസ് പ്രസിഡണ്ടായിരുന്നു. വരണാധികാരി കൂടിയായ ജില്ലാ കളക്ടർ അരുൺ K വിജയൻ സത്യവാചകം ചൊല്ലിക്കൊടുത്തു

കണ്ണൂർ ജില്ലയിലെ തുല്യനില വന്ന എടക്കാട് ബ്ലോക്ക് പഞ്ചായത്തിൽ നറുക്കെടുപ്പിലൂടെ LDF അംഗം KV ബിജു ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടായി.

തുല്യനില പുലർത്തിയ മുണ്ടേരി പഞ്ചായത്തിൽ UDF അംഗം CK റസീനയെ പ്രസിഡണ്ടായി നറുക്കെടുപ്പിലൂടെ തിരഞ്ഞെടുത്തു.

ജില്ലാ പഞ്ചായത്തിൽ വൈസ് പ്രസിഡണ്ട് സ്ഥാനത്തേക്ക് എതിർ സ്ഥാനാർത്ഥി മത്സരരംഗത്ത് ഇല്ലാത്തതിനാൽ തിരഞ്ഞെടുപ്പ് ഇല്ല. LDF സ്ഥാനാർഥിയായ T ഷബ്ന ആണ് ഏക സ്ഥാനാർത്ഥി.

✪✪✪

കോട്ടയം എരുമേലി പഞ്ചായത്തിൽ പ്രസിഡണ്ട് തിരഞ്ഞെടുപ്പ് ക്വാറം തികയാത്തതിനെ തുടർന്ന് മാറ്റിവെച്ചു. UDF അംഗങ്ങൾ വിട്ടുനിന്നതിനാലാണ് ക്വാറം തികയാത്തത്. അവിടെ തിങ്കളാഴ്ച തിരഞ്ഞെടുപ്പ് നടത്തും.

പത്തനംതിട്ട കോട്ടാങ്ങലിൽ പഞ്ചായത്ത് പ്രസിഡണ്ട് തിരഞ്ഞെടുപ്പിൽ SDPI, UDF ന് അനുകൂലമായി വോട്ട് ചെയ്തെങ്കിലും പ്രസിഡണ്ടായി തിരഞ്ഞെടുത്ത കോൺഗ്രസ് അംഗം, സത്യപ്രതിജ്ഞ ചെയ്ത ശേഷം സ്ഥാനം രാജിവെച്ചു.

✪✪✪

കോട്ടയം ജില്ലയിലെ 11 ബ്ലോക്ക് പഞ്ചായത്തുകളിൽ ഒൻപതിടത്തും UDFന് പ്രസിഡണ്ട് സ്ഥാനം ലഭിച്ചു. വൈക്കം, വാഴൂർ ബ്ലോക്കുകളിൽ മാത്രമാണ് LDF ന് ഭരണം ലഭിച്ചത്.

✪✪✪

പാലക്കാട് പെരുങ്ങാട്ടുകുറുശ്ശി പഞ്ചായത്ത് IDF -LDF മുന്നണി ഭരിക്കും. ഇതോടെ 60 വർഷത്തിന് ശേഷം കോൺഗ്രസിന് ഭരണം നഷ്ടമായി. 18 സീറ്റിൽ LDF-IDF സഖ്യം എട്ടിടത്തും, കോൺഗ്രസ് ഏഴ് സീറ്റിലും, BJP രണ്ട് സീറ്റിലും വിജയിച്ചിരുന്നു. ഒരു സീറ്റിൽ വിജയിച്ച കക്ഷിരഹിത സ്ഥാനാർത്ഥിയെ കൂട നിർത്തിയാണ് IDF -LDF മുന്നണി അധികാരം ഉറപ്പിച്ചത്.

✪✪✪

കൊല്ലം ജില്ലാപഞ്ചായത്ത് പ്രസിഡണ്ടായി LDF ലെ R ലതാദേവിയെ തിരഞ്ഞെടുത്തു. ചടയമംഗലം ഡിവിഷനിൽ നിന്നാണ് മുൻ MLA കൂടിയായ ലതാദേവി തിരഞ്ഞെടുക്കപ്പെട്ടത്. വരണാധികാരി കൂടിയായ കലക്ടർ N ദേവീദാസ് അവർക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു.

✪✪✪

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാപരിഷ്ക്കരണത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൻമേൽ പരാതികളും അവകാശവാദങ്ങളും അടുത്ത മാസം 22 വരെ സമർപ്പിക്കാം. കരടു പട്ടികയിൽ ഉൾപ്പെടാത്ത ASD പട്ടികയിൽപ്പെട്ടവർ വോട്ടർപട്ടികയിൽ ഉൾപ്പെടുത്താൻ അപേക്ഷയും സത്യവാങ്മൂലവും നൽകണം.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയനും ശബരിമല സ്വർണക്കടത്ത് കേസിലെ പ്രതിയും ഒന്നിച്ച് നിൽക്കുന്ന A I നിർമ്മിത ചിത്രം പങ്കുവെച്ച കേസിൽ KPCC രാഷ്ട്രീയ കാര്യസമിതി അംഗം N സുബ്രഹ്മണ്യനെ കോഴിക്കോട്ട് പോലീസ് കസ്റ്റഡിയിലെടുത്തു. പിന്നീട് സ്വന്തം ജാമ്യത്തിൽ വിട്ടയച്ചു.

പങ്കുവെച്ച ചിത്രം വ്യാജമല്ലെന്നും, പോസ്റ്റ് പിൻവലിക്കില്ലെന്നും നിയമപരമായി കേസ് നേരിടുമെന്നും സുബ്രഹ്മണ്യൻ കോഴിക്കോട്ട് പറഞ്ഞു.

✪✪✪

സമൂഹ മാധ്യമത്തിൽ മുഖ്യമന്ത്രിയുടെ ഫോട്ടോ ഇട്ടതിന്റെ പേരിൽ കേസെടുക്കുന്നത് വിചിത്രമാണെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. AI ചിത്രങ്ങൾ ഉപയോഗിച്ച് ഏറ്റവും അധികം വ്യാജ പ്രചാരണം നടത്തിയത് CPIM ആണെന്നും സതീശൻ ആരോപിച്ചു. ഇത്തരം പ്രചാരണങ്ങളിൽ UDF നൽകിയ പരാതികളിൽ കേസെടുക്കാൻ പൊലിസ് തയ്യാറായില്ലെന്നും സതീശൻ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

N സുബ്രഹ്മണ്യനെതിരായ കേസ് CPIM ന്റെ രാഷ്ട്രീയ പകപോക്കലാണെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തലപറഞ്ഞു. കേസിനെ രാഷ്ട്രീയമായും, നിയമപരമായും നേരിടുമെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

സംസ്ഥാനത്ത് ചങ്ങലയ്ക്ക് ഭ്രാന്തു പിടിച്ച സ്ഥിതിയണെന്നും പൊലീസിന്റേത് ഇരട്ടത്താപ്പാണെന്നും AICC ജനറൽ സെക്രട്ടറി KC വേണുഗോപാലും കുറ്റപ്പെടുത്തി.

✪✪✪

ശബരിമല സന്നിധാനത്ത് രാവിലെ പ്രധാന ചടങ്ങായ മണ്ഡലപൂജ പൂർത്തിയായി. മണ്ഡലകാലം ഇന്ന് സമാപിക്കും.

പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ.

....(വോയ്സ്).........

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് നാളെ രാവിലെ 11 ന് ആകാശവാണി, ദൂരദർശൻ ശൃംഖലകളിൽ. പരിപാടിയുടെ 129-ാം പതിപ്പാണിത്.

പ്രധാനമന്ത്രിയുടെ പ്രഭാഷണത്തിന് ശേഷം പ്രാദേശിക ഭാഷാ പരിഭാഷയും ആകാശവാണി പ്രക്ഷേപണം ചെയ്യും. രാത്രി എട്ടിന് ഇതിന്റെ പുനഃപ്രക്ഷേപണവും ഉണ്ടായിരിക്കും.

✪✪✪

ഇൻഡിഗോ വിമാന സർവീസുകൾ തടസ്സപ്പെട്ട സംഭവത്തിൽ സിവിൽ വ്യോമയാന ജോയിന്റ് ഡയറക്ടർ ജനറൽ K ബ്രാഹ്മണെ കമ്മിറ്റി DGCA യ്ക്ക് റിപ്പോർട്ട് സമർപ്പിച്ചു. ഈ മാസം അഞ്ചിനാണ് നാലംഗ സമിതി രൂപീകരിച്ചത്. ഇൻഡിഗോയിലെ ജീവനക്കാരുടെ ലഭ്യത, ജോലിഭാരം എന്നിവയടക്കം വിഷയങ്ങൾ സമിതി പരിശോധിച്ചു. എയർലൈൻസിന്റെ ആസൂത്രണത്തിൽ വീഴ്ചകളുണ്ടായോ എന്ന് സമിതി വിശദമായി പരിശോധിച്ചാണ് റിപ്പോർട്ട് തയ്യാറാക്കിയത്.

✪✪✪

സംസ്ഥാനത്ത് സ്വർണ വില വീണ്ടും ഉയർന്നു. പവന് 880 രൂപ വർധിച്ച് ഒരു ലക്ഷത്തി 3,560 രൂപയായി. 12,945 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയുടെ പുതിയ സീസൺ അപേക്ഷാ പ്രക്രിയ ഔദ്യോഗികമായി ആരംഭിച്ചു. അർഹതപ്പെട്ട കർഷകർക്ക് അംഗീകൃത ഏജൻസികളിലൂടെയോ ഔദ്യോഗിക ഓൺലൈൻ പോർട്ടലിലൂടെയോ അപേക്ഷ സമർപ്പിക്കാം. പദ്ധതിയിൽ ചേരുന്നതിന് അവസാന തീയതി ഈ മാസം 31 ആണ്.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്....

......(വോയ്സ്)..........

✪✪✪

പട്ടികവർഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂൾ വിദ്യാർഥികളുടെ സംസ്ഥാനതല കലാമേള -സർഗോത്സവം 2025 നാളെ കണ്ണൂരിൽ ആരംഭിക്കും.

കണ്ണൂരിൽ നിന്ന് K.O. ശശിധരൻ.

....(വോയ്സ്)...........

✪✪✪

**പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി നടപ്പാക്കുന്ന 'ഉന്നതി വിജ്ഞാന കേരളം' തൊഴിൽ പരിശീലന പദ്ധതി കോഴിക്കോട് മരുതോങ്കരയിൽ വൈകിട്ട് മന്ത്രി OR കേളു ഉദ്ഘാടനം ചെയ്യും. പട്ടികജാതി, പട്ടികവർഗ്ഗ പിന്നോക്ക വികസന വകുപ്പും K - ഡിസ്കും വിജ്ഞാനകേരളവും ചേർന്ന് ആവിഷ്കരിച്ച് നടപ്പാക്കുന്ന പ്രത്യേക പദ്ധതിയാണ് 'ഉന്നതി -വിജ്ഞാന കേരളം.**

**ഇന്റേൺഷിപ്പുകൾ, തൊഴിൽ, അപ്രന്റീസ് ഷിപ്പുകൾ എന്നിവ വഴി അടുത്ത മാർച്ച് 31നകം 10,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.**

✪✪✪

**എൺപത്തി നാലാമത് ഇന്ത്യൻ ചരിത്ര കോൺഗ്രസ് നാളെ തലശ്ശേരി ഗവൺമെൻറ് ബ്രണ്ണൻ കോളേജിൽ ആരംഭിക്കും. രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. 30 ന് സമാപിക്കും.**

✪✪✪

**ഗതാഗത സൗകര്യം അപര്യാപ്തമായ വയനാട്ടിൽ റൺവേ ഇല്ലാതെ പറന്നുയരാനും, ഇറങ്ങാനും കഴിയുന്ന വിറ്റോൾ എയർ ടാക്സി സർവീസ് ആരംഭിക്കണമെന്ന് മലബാർ ഡെവലപ്മെന്റ് കൗൺസിൽ ആവശ്യപ്പെട്ടു. ഈ ആവശ്യമുന്നയിച്ച് വ്യോമയാന മന്ത്രാലയത്തിനും, DGCA യ്ക്കും, ഇൻഗ്ലോബ് എയർടാക്സി CEO യ്ക്കും കത്തു നൽകാൻ കോഴിക്കോട്ട് ചേർന്ന യോഗം തീരുമാനിച്ചു.**

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs : രജിന കെ , ഫസ്ന ഫാത്തിമ*
*DEO : ഷീബ*